REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-06-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ത്യയിലെത്തിയ പരാഗ്വേ പ്രസിഡന്റ് സാന്റിയാഗോ പെന പലാസിയോസ് ഇന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തും.**
- **മധ്യവേനലവധിക്ക് ശേഷം സംസ്ഥാനത്ത് സ്കൂളുകൾ ഇന്ന് തുറക്കും. സംസ്ഥാനതല പ്രവേശനോത്സവം ആലപ്പുഴ കലവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് ആദ്യ അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ LDF, NDA, തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥികൾ ഇന്ന് നാമനിർദ്ദേശപത്രിക സമർപ്പിക്കും.**
- **IPL ക്രിക്കറ്റ് ഫൈനലിൽ നാളെ, പഞ്ചാബ് കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ത്യയിലെത്തിയ പരാഗ്വേ പ്രസിഡന്റ് സാന്റിയാഗോ പെന പലാസിയോസ് ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവരുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങൾ ചർച്ചയായേക്കും. വിദേശകാര്യ മന്ത്രി S ജയ്ശങ്കറുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

✪✪✪

IATA യുടെ 81-ാമത് പൊതുയോഗത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന സമ്മേളനത്തിൽ ആഗോള വ്യോമയാന മേഖലയിലെ പ്രമുഖർ, അന്താരാഷ്ട്ര മാധ്യമ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ 1,600 ലധികം പേർ പങ്കെടുക്കും. വ്യോമയാന മേഖല നേരിടുന്ന പ്രധാന വിഷയങ്ങൾ ഇന്നത്തെ ഉച്ചകോടിയിൽ ചർച്ചയാകും.

✪✪✪

ഭീകരവാദത്തിനെതിരെ ഇന്ത്യയുടെ അചഞ്ചല നിലപാട് ലോക രാജ്യങ്ങളെ അറിയിക്കാൻ രൂപീകരിച്ച സർവകക്ഷി പാർലമെന്ററി പ്രതിനിധി സംഘങ്ങളുടെ സന്ദർശനം തുടരുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......(വോയ്സ്)......

JDU എംപി സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലെ സർവകക്ഷി പ്രതിനിധി സംഘം ക്വാലാലംപൂരിലെ തോറാന ഗേറ്റ് സന്ദർശിച്ചു.

NCP എംപി സുപ്രിയ സുലെ, നയിക്കുന്ന പ്രതിനിധി സംഘം എത്യോപ്യ, ആഡിസ് അബാബയിലെ ആഫ്രിക്കൻ യൂണിയൻ ആസ്ഥാനത്ത് സമാധാന സുരക്ഷാ കൗൺസിൽ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. DMK എംപി കനിമൊഴി നയിക്കുന്ന സംഘം മാഡ്രിഡിൽ സന്ദർശനം ആരംഭിച്ചു.

BJP യുടെ ബൈജയന്ത് പാണ്ഡ നേതൃത്വം നൽകുന്ന സംഘം അൾജീരിയ വിദേശകാര്യ മന്ത്രിയുടെ സ്റ്റേറ്റ് സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി. BJP എംപി രവിശങ്കർ പ്രസാദ് നയിക്കുന്ന സംഘം ലണ്ടനിലെത്തി. ശിവസേന MP ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിൽ സംഘം നിലവിൽ ലൈബീരിയയിലാണ് സന്ദർശനം നടത്തുന്നത്.

✪✪✪

മധ്യവേനലവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ ഇന്ന് തുറക്കും. ആലപ്പുഴ കലവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും. മന്ത്രി V ശിവൻകുട്ടി ഒന്നാം ക്ലാസിലെ കുട്ടികളെ സ്വാഗതം ചെയ്യും. പ്രവേശനോത്സവ ഗാനത്തിന്റെ നൃത്താവിഷ്കാരം വേദിയിൽ നടത്തും. കൊട്ടാരക്കര താമരക്കുടി SVVHSS ലെ വിദ്യാർത്ഥിനി ഭദ്ര ഹരി

എഴുതി പ്രശസ്ത സംഗീത സംവിധായകൻ അൽഫോൺസ് ജോസഫ് ചിട്ടപ്പെടുത്തിയ ഗാനമാണ് ഇത്തവണത്തെ പ്രവേശനോത്സവ ഗാനം.

പ്രവേശനോത്സവ ഉദ്ഘാടനത്തിന് ശേഷം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങൾ സംബന്ധിച്ച പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്യും. സംസ്ഥാനതല പ്രവേശനോത്സവം എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കും. അതിനുശേഷം സ്കൂൾതല പ്രവേശനോത്സവങ്ങൾ നടത്തും. മന്ത്രിമാർ ജില്ലാതല പ്രവേശനോത്സവങ്ങൾ ഉദ്ഘാടനം ചെയ്യും. മലപ്പുറത്ത് ജില്ലാ കളക്ടറും, കാസർഗോഡ് രാജ്മോഹൻ ഉണ്ണിത്താൻ MP യും ജില്ലാതല പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സംസ്ഥാനതല പ്രവേശനോത്സവം വയനാട് കണിയാമ്പറ്റ GMRS-സിൽ രാവിലെ മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ D.R മേഘശ്രീ അധ്യക്ഷയാകും.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് ആദ്യ അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും. ഹയർ സെക്കൻഡറി വകുപ്പിന്റെ പ്രവേശന വെബ്സൈറ്റിലെ കാൻഡിഡേറ്റ് ലോഗിൻ പരിശോധിച്ച് അലോട്ട്മെന്റ് നില അറിയാം. ആദ്യ അലോട്ട്മെന്റ് പ്രകാരം പ്രവേശനം വ്യാഴാഴ്ച പൂർത്തിയാകും. ഈ മാസം 10 ന് രണ്ടാം അലോട്മെന്റും, 16 ന് മൂന്നാം അലോട്ട്മെന്റും പ്രസിദ്ധീകരിക്കും.

ജൂൺ 18 ന് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കും.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ LDF സ്ഥാനാർത്ഥി M സ്വരാജും, NDA സ്ഥാനാർത്ഥി മോഹൻ ജോർജും, തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി PV അൻവറും ഇന്ന് നാമനിർദ്ദേശപത്രിക സമർപ്പിക്കും. UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് അടക്കം നാലു പേർ ഇതിനകം പത്രിക നൽകിയിട്ടുണ്ട്.

LDF പ്രചാരണത്തിന് തുടക്കമിട്ട് മണ്ഡലം കൺവൻഷൻ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. UDF കൺവൻഷൻ ഇന്ന് വൈകിട്ട് ചേരും.

✪✪✪

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തെരഞ്ഞെടുപ്പ് നിരീക്ഷകർ നിലമ്പൂർ മണ്ഡലത്തിൽ സന്ദർശനം നടത്തി. ജനറൽ ഒബ്സർവറായ K.V മുരളീധരൻ,

പോലീസ് ഒബ്സർവറായ അരുൺശങ്കു ഗിരി എന്നിവർ ഇന്നലെ മണ്ഡലത്തിൽ സന്ദർശനം നടത്തി. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ V.R വിനോദ്, ജില്ലാ പോലീസ് മേധാവി ആർ വിശ്വനാഥ്, വരണാധികാരിയും പെരിന്തൽമണ്ണ സബ് കളക്ടറുമായ അപൂർവ്വ ത്രിപാഠി എന്നിവരുമായി തെരഞ്ഞെടുപ്പ് ക്രമീകരണങ്ങളെ കുറിച്ച് ഇവർ ചർച്ച നടത്തി.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, 1947-48 ലെ ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധത്തിൽ ജീവത്യാഗം ചെയ്ത പരം വീര ചക്ര അവാർഡ് ജേതാവ് കമ്പനി ഹവിൽദാർ മേജർ പിരു സിങ്ങിനെ അനുസ്മരിക്കുന്നു.

.....ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്........

1918-ൽ രാജസ്ഥാനിൽ ജനിച്ച കമ്പനി ഹവിൽദാർ മേജർ പിരു സിംഗ് 1936-ൽ 6 രജ്പുതന റൈഫിൾസിൽ ചേർന്നു. 1948-ൽ, ജമ്മു കശ്മീരിലെ തിത്വാൾ സെക്ടറിൽ ശത്രു പർവതനിര സുരക്ഷിതമാക്കാനുള്ള ചുമതല പിരു സിങ്ങിന്റെ കമ്പനിക്ക് ലഭിച്ചു. ഇടുങ്ങിയ പാതയിലൂടെ മുന്നേറുന്നതിനിടയിൽ ശത്രുക്കളുടെ തീവ്രമായ വെടിവയ്പ്പിൽ യൂണിറ്റിന് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചു. യൂണിറ്റിലെ സഹ സൈനികർ ഭൂരിഭാഗവും കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തപ്പോൾ, മേജർ പിരു സിംഗ് ഒറ്റയ്ക്ക് മുന്നോട്ട് നീങ്ങി.

രക്തസ്രാവത്തോടെ ഏതാണ്ട് പൂർണമായും കാഴ്ച മങ്ങിയെങ്കിലും അദ്ദേഹം പോരാട്ടം തുടർന്നു. വെടിയുണ്ടകൾ തീർന്നതിനുശേഷവും, അദ്ദേഹം ഗ്രനേഡുകൾ തുടർച്ചയായി എറിഞ്ഞു ശത്രുവിനെ കീഴ്പ്പെടുത്തി മുന്നേറി. മറ്റൊരു സൈനിക പോസ്റ്റിനെ ആക്രമിക്കാൻ നീങ്ങിയപ്പോൾ, ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ തലയിൽ തറച്ചു. അവസാന നിമിഷങ്ങളിൽ പോലും, ശത്രുവിന് നേർക്ക് ഗ്രനേഡ് എറിയാൻ മേജർ പിരു സിങ്ങിന് കഴിഞ്ഞു.

കമ്പനി ഹവിൽദാർ മേജർ പിരു സിങ്ങിന്റെ അതുല്യമായ ധീരപ്രവൃത്തിയുടെയും ദൃഢനിശ്ചയത്തിന്റെയും അംഗീകാരമായി മരണാനന്തരം രാജ്യം അദ്ദേഹത്തിന് പരം വീര ചക്രം നൽകി ആദരിച്ചു. കമ്പനി ഹവിൽദാർ മേജർ പിരു സിങ്ങിനെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴയെ തുടർന്ന് ഇന്ന് രണ്ടു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. കാസർക്കോട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

ശക്തമായ മഴയെ തുടർന്ന് വെള്ളക്കെട്ടുകൾ നിലനിൽക്കുന്നതിനാൽ കുട്ടനാട് താലൂക്കിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയായിരിക്കുമെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിൽ ക്യാമ്പുകൾ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും അവധിയായിരിക്കും. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന 31 സ്കൂളുകൾക്ക് ജില്ലാ കളക്ടർ S.പ്രേംകൃഷ്ണൻ ഇന്ന് അവധി പ്രഖ്യാപിച്ചു. തിരുവല്ല താലൂക്കിലെ 13 സ്കൂളുകൾക്ക് സുരക്ഷ മുൻനിർത്തി അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ആലപ്പുഴ ജില്ലയിൽ കാലവർഷത്തിൽ ഒൻപത് വീടുകൾ പൂർണമായും 222 വീടുകൾ ഭാഗികമായും തകർന്നു. ചേർത്തല താലൂക്കിലെ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി 26 കുടുംബങ്ങളെയും അമ്പലപ്പുഴ താലൂക്കിലെ 21 ക്യാമ്പുകളിലായി 2,253 കുടുംബങ്ങളെയും കുട്ടനാട് താലൂക്കിൽ 15 ക്യാമ്പുകളിലായി 265 കുടുംബങ്ങളെയും മാറ്റിപ്പാർപ്പിച്ചു.

✪✪✪

കൊല്ലം കുണ്ടറയിൽ പുരയിടത്തിൽ പൊട്ടിക്കിടന്ന വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് ഗൃഹനാഥൻ മരിച്ചു. മകൾക്കും ഷോക്കേറ്റു. പെരുമ്പുഴ സ്വദേശി ഗോപാലകൃഷ്ണ പിള്ളയാണ് മരിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് ഫൈനലിലെത്തി. നാളെ ഫൈനലിൽ, അവർ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.

ഇന്നലെ അഹമ്മദാബാദിൽ മുംബൈ ഇന്ത്യൻസിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് പഞ്ചാബ് ഫൈനലിലെത്തിയത്.

നാളെ വൈകീട്ട് 7.30 ന് അഹമ്മദാബാദിലാണ് ഫൈനൽ.

✪✪✪

വികസിത കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ തുടരുന്നു. മൈലപ്ര, പ്രമാടം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഇന്നലെ ക്യാമ്പയിൻ നടന്നു. ഈ മാസം 12 വരെ ആകെ 38 ക്യാമ്പയിനുകളാണ് ജില്ലയിൽ നടക്കുക.

✪✪✪

പുതിയ കാലത്തെ അഭിരുചിക്കും ശേഷിക്കും ഇണങ്ങിയ തൊഴിൽ പരിശീലനമാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. നൈപുണി വികസന കേന്ദ്രങ്ങളുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മാറുന്ന കാലത്തിനനുസരിച്ച് കാലോചിതമായ മുന്നേറ്റമാണ് ഈ രംഗത്തും നടത്തുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

സുസ്ഥിര തൃത്താല പദ്ധതിയുടെ ജല സംരക്ഷണ മാതൃക പാലക്കാട് ജില്ലയിൽ വ്യാപിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ജല സംരക്ഷണ മേഖലയിൽ തൃത്താല മണ്ഡലം കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ജില്ലയിൽ വ്യാപിപ്പിക്കുന്നത്. പദ്ധതിയുടെ ജില്ലാതല പ്രഖ്യാപനം ഈ മാസം അഞ്ചിന് പാലക്കാട്ട് നടക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കുറ്റ്യാടി MLA KP കുഞ്ഞമ്മത്കുട്ടി യുടെ വിദ്യാഭ്യാസ പദ്ധതിയായ സ്മാർട്ട് കുറ്റ്യാടിയുടെ ഭാഗമായി ഒന്നാം ക്ലാസ് പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർഥികൾക്കും അക്ഷരോപഹാരം വിതരണം ചെയ്തു. തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ വില്യാപ്പള്ളി, മണിയൂർ, ആയഞ്ചേരി, തിരുവള്ളൂർ, ഗ്രാമപഞ്ചായത്തുകളിലെ വിദ്യാലയങ്ങൾക്കാണ് അക്ഷരോപഹാരം സമ്മാനിച്ചത്.

✪✪✪

പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുന്നോടിയായി മലപ്പുറം ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും 200 മീറ്റർ ചുറ്റളവിലെ കടകളിൽ പോലീസ് വ്യാപക പരിശോധന നടത്തി. കഴിഞ്ഞ 4 ദിവസങ്ങളിലായി നടന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 800 ഓളം കടകളിൽ പരിശോധന നടത്തിയതിൽ ഹാൻസ്, കൂൾ ലിപ്, ഹാഷിഷ് ഓയിൽ തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ പിടികൂടി. 55 കേസുകൾ രജിസ്റ്റർ ചെയ്തു.

✪✪✪

മേയ് മാസത്തെ റേഷൻ വിതരണം ബുധനാഴ്ച വരെ ലഭ്യമാകും. കാലവർഷ സാഹചര്യം കണക്കിലെടുത്താണ് നടപടി. മഴവെള്ളം കയറാൻ സാധ്യത പരിഗണിച്ച് ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തി വരികയാണ്.

✪✪✪

വെള്ള, നീല റേഷൻ കാർഡുകൾ പിങ്ക് കാർഡിലേക്ക് തരം മാറ്റുന്നതിന് ഇന്ന് മുതൽ ഈ മാസം 15 വരെ അപേക്ഷ സമർപ്പിക്കാം. അർഹരായവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ ഔദ്യോഗിക പോർട്ടൽ വഴിയോ ഓൺലൈനിൽ അപേക്ഷ നൽകാം.

✪✪✪

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഹൈബ്രിഡ് കഞ്ചാവ് പിടികൂടി. പത്തു കോടി രൂപ വിലമതിക്കുന്ന പത്ത് കിലോയിലധികം കഞ്ചാവാണ് പിടികൂടിയത്. സംഭവത്തിൽ ബാങ്കോക്കിൽ നിന്നെത്തിയ 23 വയസ്സായ യുവാവിനെയും, 21 വയസ്സായ യുവതിയെയും കസ്റ്റംസ് അറസ്റ്റു ചെയ്തു.

✪✪✪

കോഴിക്കോട് മാവൂർറോഡ് പുതിയ ബസ്സ് സ്റ്റാന്റിന് മുൻവശത്തെ രണ്ടു കടകളിൽ നിന്ന് 167 പാക്കറ്റ് നിരോധിച്ച പുകയില ഉത്പനങ്ങൾ പിടികൂടി. സംഭവുമായി ബന്ധപ്പെട്ട് ഉടമകൾക്കെതിരെ നടക്കാവ് പൊലീസ് കേസെടുത്തു.

✪✪✪

പോക്സോ കേസിലെ അതിജീവിതയ്ക്ക് നേരെ വീണ്ടും അതിക്രമം നടത്തിയ പ്രതി അറസ്റ്റിലായി. കോഴിക്കോട് കക്കോടി സ്വദേശി അക്ഷയ് ആണ് ചേവായൂർ പൊലീസിന്റെ പിടിയിലായത്.

✪✪✪

---

*News Editor : പി. ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*CNRTS: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*